DESPATCHED
ON... 05/06/2020

28/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2670(1)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.20737/SIC-Gen4/2019**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ഷഹീൻ എഫ്.,
സരോവരം,
മൈലാപ്പിള്ളി ജംഗ്ഷൻ,
പുളിമൂട്, ആലംകോട് പി.ഒ.,
ആറ്റിങ്ങൽ, തിരുവനന്തപുരം – 695 102. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഫിനാൻസ് ഓഫീസർ,
   കേരള ലേബർ വെൽഫെയർ ബോർഡ് ആഫീസ്,
   കുമാരപുരം റോഡ്, വഞ്ചിയൂർ,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
   കേരള ലേബർ വെൽഫെയർ ബോർഡ് ആഫീസ്,
   കുമാരപുരം റോഡ്, വഞ്ചിയൂർ,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/09/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/10/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/10/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05/11/2019 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 17/12/2019 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 17/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷഹീൻ എഫ്., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ വിവരങ്ങൾ ബഹുഭൂരിപക്ഷവും അപൂർണ്ണവും തെറ്റായിട്ടുള്ളതാണെന്നും ഒന്നാം അപ്പീൽ അധികാരി മുമ്പാകെ

അപ്പീൽ അപേക്ഷ നൽകിയെങ്കിലും ആയതുപ്രകാരവും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തവും പൂർണ്ണവുമായി ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് കാര്യാലയത്തിൽ യു.ഡി.ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ഹർജിക്കാരന് 1.1.2018 തീയതി എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് പ്രൊവിഷണലായി സ്ഥാനകയറ്റം നൽകിയത് ഒഴിവുകൾ ഉണ്ടായിരുന്നത് കൊണ്ടും യോഗ്യതാ പരീക്ഷകൾ വിജയിച്ചതു കൊണ്ടും ടിയാൻ അപേക്ഷ നൽകിയിരുന്നത് കൊണ്ടും മാത്രമാണോ എന്നും മറ്റേതെങ്കിലും ഘടകങ്ങൾ കൂടി പരിഗണിച്ചിരുന്നോ എന്നും ഉണ്ടെങ്കിൽ അത് ഏതെല്ലാമെന്നാണ് ഉത്തരവിൽ പറയുന്നത് എന്നും മേൽപ്പടി ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

ii. ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ ഹർജിക്കാരന് യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് യോഗ്യതയുള്ളതിനാൽ വിവേചനാധികാരം ഉപയോഗിച്ചു നൽകിയ നിയമനം ബോർഡിൽ അജണ്ടയായി ഉൾപ്പെടുത്തേണ്ട സാഹചര്യം എന്തായിരുന്നു എന്നും ടിയാന് പ്രൊവിഷണൽ പ്രൊമോഷൻ നൽകുമ്പോൾ ബോർഡിന്റെ ഭരണസമിതി നിലവിൽ ഉണ്ടായിരുന്നോ എന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1–ാം ചോദ്യത്തിന്റെ ഒന്നും രണ്ടും മൂന്നും പിരിവുകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല എന്നും 3–ാം നമ്പർ ചോദ്യത്തിൽ ആവശ്യപ്പെട്ട പ്രകാരം ബന്ധപ്പെട്ട ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി നൽകിയിട്ടില്ല എന്നും 4–ാം ഇനം സംബന്ധിച്ച് വ്യക്തമായ മറുപടി അല്ല നൽകിയിട്ടുള്ളതെന്നും 7–ാം ഇനം സംബന്ധിച്ച് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല എന്നും 8–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരമല്ല ലഭ്യമാക്കിയിട്ടുള്ളതെന്നും 9–ാം ഇനത്തിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1–ാം ഇനത്തിലെ 1, 2, 3 പിരിവുകൾക്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഉത്തരം ലഭ്യമാക്കണമെന്നും 3–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുവാൻ ഒന്നാം എതിർക്ഷിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 4–ാം ഇനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് കെ.എസ്.ആർ., കെ.എസ്.എസ്.ആർ. എന്നീ ചട്ടങ്ങളുടെ വ്യാഖ്യാനമാണെന്നും ആയത് വിവരാവകാശ നിയമത്തിലെ പരിധിയിൽ വരുന്നതല്ല എന്നും 7–ാം ഇനം സംബന്ധിച്ച് ലഭ്യമായ പൂർണ്ണമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും 8–ാം ഇനത്തിലെ ഒന്നാം പിരിവ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നും രണ്ടാം പിരിവിന് മറുപടി നൽകിയിട്ടുണ്ടെന്നും 9–ാം ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി പൂർണ്ണമാണെന്നുമാണ്. മേൽപ്പടി അപ്പീൽ ഉത്തരവിനെ

തുടർന്ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം എതിർക്ഷിയുടെ അപ്പീൽ തീർപ്പാക്കൽ ഉത്തരവ് സംബന്ധിച്ച് വ്യക്തമായ എന്തെങ്കിലും ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുള്ളതായി കാണുന്നില്ല. ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി സംബന്ധിച്ച് ചൂണ്ടിക്കാട്ടിയ ആക്ഷേപങ്ങൾ അപഗ്രഥിച്ച് രണ്ടാം എതിർകക്ഷി വ്യക്തമായ നിർദ്ദേശം ഒന്നാം എതിർകക്ഷിയ്ക്ക് നൽകിയതായും ആയതുപ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ടിയാന് നൽകിയിട്ടുള്ളതായും കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ പല ഇനങ്ങളിലും ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് വിശദീകരണമോ അഭിപ്രായപ്രകടനമോ നിയമവ്യാഖ്യാനമോ ഒക്കെയാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) പ്രകാരം നിർവചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us